**സുഖ മൈന്ദ്രിയകം രാജൻ സ്വർഗ്ഗേ നരക ഏവ ച**
**ദേഹിനാം യദ്യഥാ ദു:ഖം തസ്മാന്നേച്ഛേത തദ് ബുധ: (11-8-1)**
**ന ഹ്യംഗാജാതനിർവ്വേദോ ദേഹബന്ധം ജിഹാസതി**
**യഥാ വിജ്ഞാനരഹിതോ മനുജോ മമതാം നൃപ (11-8-29)**

*മുനി തുടർന്നു:*
ഇന്ദ്രിയസുഖങ്ങളും വേദനകളും സ്വർഗ്ഗനരകങ്ങളിൽ ലഭ്യമാണ്. അതിനാൽ വിവേകിയായവൻ അവയെ ആഗ്രഹിക്കരുത്. പെരുമ്പാമ്പിനേപ്പോലെ കിട്ടുന്നതെന്തും കൊണ്ട് ഒരുവൻ സംതൃപ്തനായി ജീവിക്കണം. ഒരു സന്യാസിവര്യൻ ശാന്തശീലനും അക്ഷോഭ്യനും ആഴമളക്കാനരുതാത്തവനും അഭേദ്യനും ഇഷ്ടാനിഷ്ടങ്ങൾ ബാധിക്കാത്തവനും ആയിരിക്കണം. സമുദ്രം ഇങ്ങിനെയാണല്ലോ. കടലിൽ വന്നുചേരുന്ന നദികൾ ജലസമൃദ്ധമോ വറ്റിവരണ്ടതോ എന്ന വ്യത്യാസമില്ലാതെ അതു നിലകൊള്ളുന്നതുപോലെ ഒരു സന്യാസി സമചിത്തനും പ്രിയവും അപ്രിയവുമായ അനുഭവങ്ങളെ ഒരുപോലെ സ്വീകരിക്കുന്നവനുമായിരിക്കണം. ഈയാംപാറ്റ അഗ്നിപ്രഭയിൽ കുടുങ്ങി അതിൽ ചാടി എരിഞ്ഞൊടുങ്ങുന്നതുപോലെ വിഡ്ഢിയായ മനുഷ്യൻ സ്ത്രീയിൽ ഭ്രമിച്ച് വശനായി ആത്മീയപാതയിൽ സ്വയം ചാവുന്നു. തേനീച്ച പൂവിനു മുകളിലിരുന്ന് തേനുണ്ണുമ്പോൾ എപ്രകാരമാണോ പൂവിനെ നോവിക്കാത്തത് അതുപോലെയാവണം സന്യാസി ഭിക്ഷ തേടേണ്ടത്. ജനങ്ങളെ വിഷമിപ്പിക്കാതെ വേണം അവരിൽ നിന്നും ഭിക്ഷ സ്വീകരിക്കാൻ. തേനീച്ച പൂക്കളിൽനിന്നും തേനെടുത്ത് സംഭരിക്കുന്നതുപോലെ വിജ്ഞാനിയായ ഒരുവൻ പലേയിടങ്ങളിൽ നിന്നും വിജ്ഞാനം സ്വീകരിച്ച് സ്വയം അറിവു കണ്ടെത്തണം. എന്നാൽ തേനീച്ച സംഭരിക്കുന്നതു പോലെ മുതൽക്കൂട്ടു നടത്തുന്നതായാൽ നാശത്തിലേക്കാണതു നയിക്കുക. തേനെടുക്കുന്നവൻ കൈ വയ്ക്കുന്നത് ഏറ്റവും കൂടുതൽ തേനുള്ള കൂട്ടിലാണല്ലോ. ഭിക്ഷാംദേഹിയായ സന്യാസി എല്ലാവിധ സ്ത്രീസംസർഗ്ഗങ്ങളും ഒഴിവാക്കണം. ആനയെ പിടികൂടുവാൻ സാധിക്കുന്നത് അതിന് പെണ്ണാനയോടുള്ള ആസക്തിയുണ്ടാവുന്ന സമയത്താണല്ലോ. ഒരു പരിവ്രാജകൻ ഒരിക്കലും വഷളായ ഗാനങ്ങൾ കേൾക്കരുത്. മാൻപേട പാട്ടു കേട്ടാണല്ലോ കുടുങ്ങുന്നത്. സ്ത്രീകളുടെകൂടെ നൃത്തംചെയ്ത് ഋഷ്യശൃംഗൻ കാമത്തിനടിമയായി. ഇന്ദ്രിയങ്ങളിൽ നാവിൻെറ സ്വാദിനെയാണ് നിയന്ത്രിക്കാൻ ഏറ്റവും ബുദ്ധിമുട്ട്. അതിനെ നിയന്ത്രിച്ചാൽ മറ്റെല്ലാം എളുപ്പം. സ്വാദിനെ നിയന്ത്രിക്കാനാവാത്ത മീൻ ചൂണ്ടയിൽ എളുപ്പം കുരുങ്ങുന്നു.

പണ്ട് പിംഗള എന്നു പേരായ ഒരു ദേവദാസിയുണ്ടായിരുന്നു. ഒരു സായാഹ്നത്തിൽ മനോഹരമായി അണിഞ്ഞൊരുങ്ങി അവൾ തൻെറ വീടിനു മുന്നിൽ ഇരുന്നു. ധനികരായ കക്ഷികളേയും കാത്ത് അവൾ വീട്ടിനു മുന്നിൽ പാതിരാവാകുംവരെ ഉലാത്തി. അവസാനം തളർന്ന് ആശയറ്റ് പിംഗള സ്വയം പറഞ്ഞു. ‘‘ഇപ്പോൾ എൻെറ വിഡ്ഢിത്തം നിറഞ്ഞ ആശകൾ സഫലമാവാത്തത് ഒരു സൗഭാഗ്യമായി ഞാൻ കണക്കാക്കുന്നു. പരംപൊരുളായ ഭഗവാനെ ഓർമ്മിക്കാനും, മനസ്സും ഹൃദയവും അവിടുത്തെനേർക്ക് തിരിക്കാനും ഉള്ള സൗഭാഗ്യം എനിക്കു ലഭിച്ചുവല്ലോ. കഷ്ടം. ഇത്ര നാളും ഞാൻ മലീമസമായ വസ്തുക്കൾ തൊലിയിൽ പൊതിഞ്ഞു വച്ച മനുഷ്യൻ എന്നു പറയപ്പെടുന്നവർക്കു വേണ്ടി എൻെറ ശരീരത്തെ ചെറിയൊരു പ്രതിഫലത്തിനും വലിയ ദുരിതങ്ങൾക്കും വേണ്ടി വിറ്റുപോന്നു. ഇപ്പോൾ മുതൽ ഭഗവാനിൽ ഞാൻ അഭയം പ്രാപിക്കുന്നു. അവിടുന്ന് എല്ലാ ജീവജാലങ്ങൾക്കും പ്രിയനാണല്ലോ.’’

അങ്ങിനെ വിഡ്ഢിത്തം നിറഞ്ഞ ആഗ്രഹങ്ങളെല്ലാം ഉപേക്ഷിച്ച് അവൾ പരമാനന്ദത്തെ പ്രാപിച്ചു. ആ അവസ്ഥയിൽ ആഗ്രഹങ്ങൾ ഒന്നും അവശേഷിക്കുന്നില്ല. ഇങ്ങിനെയുള്ള അറപ്പിൻെറയും വെറുപ്പിൻെറയും അനുഭവപാഠം കൂടാതെ ഒരുവൻ ശരീരബോധത്തെ ഉപേക്ഷിക്കുകയില്ല. വിജ്ഞാനവും വിവേകവും ഇല്ലാതെ ഒരുവന് വസ്തുവകകളിലുള്ള ഉടമാവകാശവും ആസക്തിയും ഉപേക്ഷിക്കുക സാദ്ധ്യമല്ല.